സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം, മറ്റു പലതിന്റെയും കൂട്ടത്തിൽ, താഴെപ്പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക്:

(i) കാലാവധി വരെ നിലനിർത്തേണ്ടുന്ന വിഭാഗത്തിന് (ഹെൽഡ് ടു മച്യൂരിറ്റി – എച്ച് ടി എം ) കീഴിൽ നിലനിർത്തിയിരിക്കുന്ന മൊത്തം നിക്ഷേപങ്ങൾക്കുള്ള ഉയർന്ന പരിധി ലംഘിച്ചു.

(ii) പ്രുഡെൻഷ്യൽ ഇന്റർ-ബാങ്ക് (ഗ്രോസ്സ്) ആൻഡ് കൌണ്ടർ പാർട്ടി എക്സ്പോഷർ പരിധി പാലിക്കുന്നതിൽ വീഴ്ച് വരുത്തി.

(iii) ഉപഭോക്താക്കളുടെ കെ വൈ സി വിവരങ്ങൾ സെൻട്രൽ കെ വൈ സി റെക്കാർഡ്സ് രെജിസ്ട്രിയിൽ (സി കെ വൈ സി ആർ) , നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ , അപ്ഡേറ്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തി.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരു മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2024-2025/1762**